സൂറഃ-9

# അത്തൗബ

ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَٰنَهُمْ أَرْبَابًا مِّن دُونِ ٱللَّهِ وَٱلْمَسِيحَ ٱبْنَ مَرْيَمَ
وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَٰهًا وَٰحِدًا ۖ لَّآ إِلَٰهَ إِلَّا هُوَ ۚ سُبْحَٰنَهُۥ عَمَّا يُشْرِكُونَ ﴿٣١﴾

**31.** സ്വന്തം മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും അവർ അല്ലാഹുവിനെക്കൂടാതുള്ള റബ്ബുകളായി സ്വീകരിച്ചിരിക്കുന്നു. അപ്രകാരം തന്നെ മർയമിന്റെ പുത്രൻ മസീഹിനെയും. അവരോ, ഒരൊറ്റ ദൈവത്തിനുമാത്രം ഇബാദത്ത് ചെയ്യാനല്ലാതെ കൽപിക്കപ്പെട്ടിട്ടില്ല. ഇബാദത്തിനർഹരായിട്ടാരുമില്ല, അവനല്ലാതെ. ഇക്കൂട്ടർ ആരോപിക്കുന്ന ബഹുത്വത്തിനൊക്കെയും അതീതനായ പരിശുദ്ധനത്രെ അവൻ.

ٱتَّخَذُوٓا۟ = അവർ സ്വീകരിച്ചിരിക്കുന്നു
أَحْبَارَهُمْ = അവരുടെ(മത)പണ്ഡിതന്മാരെ
وَرُهْبَٰنَهُمْ = അവരുടെ സന്യാസി(പുരോഹിതൻ)മാരെയും
أَرْبَابًا = റബ്ബുകളായി, വിധാതാക്കളായി
مِّن دُونِ ٱللَّهِ = അല്ലാഹുവിനെക്കൂടാതെ
وَٱلْمَسِيحَ ٱبْنَ مَرْيَمَ = (അപ്രകാരം തന്നെ) മർയമിന്റെ പുത്രൻ മസീഹിനെയും
وَمَآ أُمِرُوٓا۟ = അവർ കൽപിക്കപ്പെട്ടിട്ടില്ല
إِلَّا لِيَعْبُدُوٓا۟ = അവർ ഇബാദത്തു ചെയ്യാനല്ലാതെ
إِلَٰهًا وَٰحِدًا = ഒരൊറ്റ ദൈവത്തിനുമാത്രം
لَّآ إِلَٰهَ = ദൈവം (ഇബാദത്തിന് അർഹൻ) ആരും ഇല്ല
إِلَّا هُوَ = അവനല്ലാതെ
سُبْحَٰنَهُۥ = അവൻ പരിശുദ്ധനത്രെ
عَمَّا يُشْرِكُونَ = അവർ പങ്കുചേർക്കുന്നതിൽനിന്ന് (ഇക്കൂട്ടർ ആരോപിക്കുന്ന ബഹുത്വത്തിനൊക്കെയും അതീതനായ)

**31:** ഇരുപത്തി ഒമ്പതാം സൂക്തത്തിൽ വേദക്കാർ അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കുന്നില്ല -وَلَا يُحَرِّمُونَ مَا حَرَّمَ ٱللَّهُ- എന്നു പറഞ്ഞതിന്റെ വിശദീകരണമാണിത്. വേദപണ്ഡിതൻ എന്നർഥമുള്ള حبرന്റെ ബഹുവചനമാണ് احبار. സന്യാസി എന്നർഥമുള്ള راهبന്റെ ബഹുവചനമാണ് رهبان. ഇവിടെ ആദ്യത്തെ പദംകൊണ്ടുദ്ദേശിക്കുന്നത് യഹൂദ പുരോഹിതന്മാരാണ്; രണ്ടാമത്തേത് ക്രൈസ്തവ പുരോഹിതന്മാരും. ദാമ്പത്യ ജീവിതം വർജിക്കുന്ന ക്രൈസ്തവ പൗരോഹിത്യം സന്യാസവും കൂടിയാണ്. റബ്ബിന്റെ ബഹുവചനമാണ് أَرْبَابًا. ഇതിന്റെ അർഥം നേരത്തെ സൂറ *ആലുഇംറാൻ* 64-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്.

വചനത്തിന്റെ ആശയമിതാണ്: യഹൂദരും ക്രൈസ്തവരും അല്ലാഹുവിനു പകരം മതാധ്യക്ഷന്മാരെയാണ് തങ്ങളുടെ വിധാതാക്കളും ധർമശാസകരുമായി സ്വീകരിച്ചിരിക്കുന്നത്. മതപുരോഹിതന്മാരെ അവർ ദൈവത്തെയെന്ന പോലെ ആരാധിക്കുന്നു. അവരുടെ വിധിവിലക്കുകൾ ദൈവശാസനകളെന്ന പോലെ അനുസരിക്കുന്നു. ദൈവം പ്രവാചകന്മാരിലൂടെയും വേദപുസ്തകങ്ങളിലൂടെയും അനുശാസിച്ച തത്ത്വങ്ങളും നിയമങ്ങളും നിസ്സങ്കോചം നിഷേധിക്കുകയും ചെയ്യുന്നു. ഇതേപ്രകാരം ദൈവത്തിന്റെയും ഈസാമസീഹിന്റെ തന്നെയും ഉപദേ

ശങ്ങൾ ലംഘിച്ചുകൊണ്ട് ഈസാമസീഹിനെയും അവർ ദൈവ മാക്കിക്കളഞ്ഞു.

ഈ സൂക്തത്തിന്റെ വിശദീകരണമായി ബൈഹഖി, തിർമിദി, ഇബ്നു ജരീർ, ഇബ്നു മുൻദിർ, ഇബ്നുമർദവൈഹി തുടങ്ങിയ നിരവധി മുഹദ്ദിസുകൾ ഉദ്ധരിച്ച പ്രസിദ്ധമായ ഒരു ഹദീസുണ്ട്: ജാഹിലിയ്യാ കാലത്ത് ക്രിസ്തുമതം സ്വീകരിച്ച് ശാമിൽ കുടിയേറിയ ധനാഢ്യനും പ്രമാണിയുമാണ് അദിയ്യ്. ഔദാര്യത്തിന് പുകൾപെറ്റ ഹാതിം തായിയുടെ പുത്രനാണ് ഇയാൾ. ഹിജാസിൽ ഇസ്ലാം പ്രചരിച്ചുകൊണ്ടിരുന്ന കാലത്ത് സ്വന്തം സഹോദരിയുടെ പ്രേരണമൂലം ഇദ്ദേഹം നബി(സ)യെ സന്ദർശിക്കാൻ മദീനയിൽവന്നു. അദിയ്യ് പ്രവാചക സന്നിധിയിലെത്തുമ്പോൾ അദ്ദേഹം ഈ സൂക്തം പാരായണം ചെയ്യുകയായിരുന്നു. അതുകേട്ട് അദിയ്യ് പറഞ്ഞു: "ഇല്ല വേദക്കാർ പുരോഹിതന്മാരെ ആരാധിക്കുന്നില്ല." പ്രവാചകന്റെ മറുപടി ഇതായിരുന്നു: "പക്ഷേ പുരോഹിതന്മാർ അവർക്ക് അനുവദനീയമായ കാര്യങ്ങൾ നിഷിദ്ധമാക്കുകയും നിഷിദ്ധമായ കാര്യങ്ങൾ അനുവദനീയമാക്കുകയും ചെയ്യുമ്പോൾ അവർ ആ പുരോഹിതന്മാരെ അനുസരിക്കുന്നുണ്ട്. അതുതന്നെയാണ് പുരോഹിതന്മാർക്കുള്ള അവരുടെ ആരാധന - ഇബാദത്ത്." (വിവിധ ഹദീസ് പഠിതാക്കൾ വ്യത്യസ്ത വാക്കുകളിൽ ഉദ്ധരിച്ചിട്ടുള്ള ഈ ഹദീസിന്റെ നിവേദനങ്ങളിലൊന്നിന്റെ അറബി മൂലം ഖുർആൻ ബോധനം സൂറ *ആലുഇംറാൻ* 64-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.)

ജൂത-ക്രൈസ്തവ മതങ്ങൾ പരിശോധിച്ചു നോക്കിയാൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും. ഉദാഹരണത്തിന്, വിഗ്രഹപൂജയെ രണ്ടു മതങ്ങളുടെയും വേദപുസ്തകങ്ങളും പ്രവാചകന്മാരും വ്യക്തമായി നിരോധിച്ചിട്ടുള്ളതാണ്. അതേ വിഗ്രഹപൂജ ഇന്ന് ക്രിസ്തുമതത്തിന്റെ അവിഭാജ്യ ഘടകമായിരിക്കുന്നു. പലിശഭോജനവും രണ്ടു മതങ്ങളും നിഷിദ്ധമാക്കിയതാണ്. പക്ഷേ, പലിശയിലധിഷ്ഠിതമായ ആഗോള സമ്പദ്ഘടന പടുത്തുയർത്തിയതും നിലനിർത്തുന്നതും ജൂത-ക്രൈസ്തവ സമൂഹങ്ങളാണ്. നിയമങ്ങൾ നിർമിക്കാൻ മാത്രമല്ല, പാപങ്ങൾ പൊറുത്തുകൊടുക്കാനും വിശ്വാസികളെ പാപമുക്തരാക്കാനുംവരെ പുരോഹിതന്മാർക്ക് അധികാരമുണ്ട്. ഈസാമസീഹിനെ വധിച്ച കുറ്റത്തിൽനിന്ന് പോപ്പ് യഹൂദരെ കുറ്റമുക്തരാക്കിയതങ്ങനെയാണ്. യഹൂദർ ഈസാമസീഹിനെ വധിച്ചു എന്നതുതന്നെ ഒരു മിഥ്യാവിശ്വാസമാണ്. അഥവാ വധിച്ചിട്ടുണ്ടെങ്കിൽ ആ കുറ്റത്തിൽനിന്ന് അവരെ മുക്തരാക്കാൻ പോപ്പിന് അധികാരമുണ്ട് എന്നതു മറ്റൊരു മിഥ്യ.

മുകളിൽ ഉദ്ധരിച്ച നിവേദനത്തിന്റെ വെളിച്ചത്തിൽ ഈ സൂക്തം പഠിക്കുമ്പോൾ അത് അടിസ്ഥാന പ്രാധാന്യമുള്ള രണ്ട് തത്ത്വങ്ങൾ ഉൾക്കൊള്ളുന്നതായി കാണാം: 1) അല്ലാഹുവല്ലാത്തവരെ സൃഷ്ടികളുടെ വിധാതാക്കളും നിരുപാധികമായ ശാസനാധികാരമുള്ളവരുമായി അംഗീകരിക്കുന്നത് അവരെ ദൈവങ്ങളാക്കലും സാക്ഷാൽ ദൈവത്തിന് പങ്കാളികളെ ആരോപിക്കലുമാകുന്നു. അങ്ങനെ ആരോപിക്കപ്പെടുന്നവർ ദുഷ്ടശക്തികളാകട്ടെ, ഭൗതികാധികാരികളാകട്ടെ, സിദ്ധന്മാരോ ആൾദൈവങ്ങളോ പുരോഹിതന്മാരോ ദൈവദൂതന്മാർ തന്നെയോ ആവട്ടെ. ഈസാ മസീഹിനെ ദൈവമാക്കിയത് ഇവിടെ അനുസ്മരിച്ചത് ശ്രദ്ധേയമാണ്. 2) സൃഷ്ടികളെ ദൈവമെന്ന് വിളിക്കലോ വിഗ്രഹങ്ങളുണ്ടാക്കി പ്രതിഷ്ഠിക്കലോ പൂജാദികർമങ്ങളർപ്പിക്കലോ മാത്രമല്ല ഇബാദത്ത്. അവയെ വിധാതാക്കളും നിരുപാധികമായ ശാസനാധികാരമുള്ളവരുമായി അംഗീകരിക്കലും അവയുടെ ആജ്ഞാനിരോധങ്ങളെ ദൈവാജ്ഞകളെപ്പോലെ ചോദ്യം കൂടാതെ അനുസരിക്കലും അവക്കുള്ള ഇബാദത്താകുന്നു. അതായത്, ആത്യന്തിക വിധാതാവും ധർമശാസ്താവും അല്ലാഹു മാത്രമാണ്. തത്ത്വത്തിലോ പ്രയോഗത്തിലോ അത് മറ്റാർക്കെങ്കിലും അംഗീകരിച്ചുകൊടുക്കുന്നത് അവരെ അവന്റെ പങ്കാളികളാക്കലാണ്. അല്ലാഹുവല്ലാത്തവരുടെ അധികാരങ്ങളും ശക്തികളും അവന്റെ അധികാരത്തിനും ശക്തിക്കും വിധേയമാണ്. ഇസ്ലാമിക നിയമവ്യവസ്ഥയുടെയും സാമൂഹിക ക്രമത്തിന്റെയും മൗലികതത്ത്വമാണിത്. ഭൂമിയിൽ നിരുപാധികമായ നിയമശാസനക്കധികാരമുള്ള ഒരു ശക്തിയുമില്ല. അല്ലാഹുവിന്റെ അധികാരത്തെ നിരാകരിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്ന ഏകാധിപതികളും സർവാധിപതികളും ഭൗതിക പ്രത്യയശാസ്ത്രങ്ങളുമെല്ലാം അല്ലാഹുവിന്റെ അധികാരം സ്വയം കൈയിലെടുക്കാൻ ശ്രമിക്കുന്ന വ്യാജദൈവങ്ങളാണ്. അല്ലഹുവിന്റെ ശാസനകളെ നിരാകരിക്കാനുള്ള അധികാരം ഒരു ജനതക്കുമില്ല. ജനാധിപത്യത്തിന്റെ 'ജനങ്ങളുടെ പരമാധികാരം' എന്ന സങ്കൽപത്തെയും ഖുർആൻ നിരാകരിക്കുന്നു. പരമാധികാരം അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹുവിന്റെ ശാസനാധികാരത്തിന് വിധേയമായ അധികാരമാണ് ജനങ്ങൾക്കുള്ളത്. അതാണ് ഇസ്ലാം അംഗീകരിക്കുന്ന ജനാധിപത്യം. ഈ സൂക്തം വിശദീകരിച്ചുകൊണ്ട് അല്ലാമാ ശൈഖ് സുലൈമാനുബ്നു അബ്ദിൽ ഖവി അത്തൂഫി തന്റെ *അൽ ഇശാറാത്തുൽ ഇലാഹിയ്യ*യിൽ എഴുതുന്നു: "മസീഹിനെ അവർ യഥാർഥത്തിൽ തന്നെ വിധാതാവായ ആരാധ്യനായി സ്വീകരിച്ചു. മതപണ്ഡിതന്മാരെ യഹൂദരും പുരോഹിതന്മാരെ ക്രൈസ്തവരും റബ്ബുകളായി സ്വീകരിച്ചത് ആലങ്കാരികമായിട്ടാണ്. കാരണം പണ്ഡിതന്മാരും പുരോഹിതന്മാരും മുഹമ്മദ് നബിയെ നിഷേധിക്കാൻ കൽപിച്ചപ്പോൾ അവർ അനുസരിച്ചു. അദ്ദേഹത്തിന്റെ ദൗത്യത്തെ തള്ളിപ്പറഞ്ഞു. ഇത്തരം കാര്യങ്ങളിൽ അനുസരിക്കപ്പെട്ടതിനാൽ അവർ സമഗ്രമായ അനുസരണത്തിലൂടെ റബ്ബുകളെപ്പോലെയായി......" ഇമാം റാസി തന്റെ *മഫാതീഹുൽ ഗൈബി*ൽ എഴുതുന്നു: "അധിക ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിരിക്കുന്നു: റബ്ബുകളാക്കി എന്നതുകൊണ്ടുദ്ദേശ്യം അവരെയൊക്കെ ദൈവങ്ങളെന്നു വിശ്വസിച്ചു എന്നല്ല; പ്രത്യുത അവരുടെ ആജ്ഞാനിരോധങ്ങൾ അനുസരിച്ചു എന്നാണ്..... മുജ്തഹിദുകളിലും മുഹഖിഖുകളിലും അഗ്രഗണ്യനായ നമ്മുടെ ആചാര്യൻ പ്രസ്താവിച്ചിട്ടുണ്ട്. കുറെ മുഖല്ലിദുകളായ (അന്ധമായി അനുകരിക്കുന്നവർ) ഫുഖഹാക്കളെ ഞാൻ കണ്ടിട്ടുണ്ട്. ചില പ്രശ്നങ്ങളിൽ ഖുർആൻ സൂക്തങ്ങൾ ഞാൻ അവരെ ഓതിക്കേൾപ്പിച്ചു. ആ സൂക്തങ്ങൾക്കെതിരായിരുന്നു അവരുടെ മദ്ഹബുകൾ. പക്ഷേ, ഖുർആൻ സൂക്തങ്ങളൊന്നും അവർ സ്വീകരിക്കുകയോ പരിഗണിക്കുകയോ ചെയ്തില്ല. അവർ അത്ഭുതപ്പെട്ടവരെപ്പോലെ എന്നെ നോക്കി നിന്നു. ഇതിൽനിന്ന് ഭിന്നമായി ഞങ്ങളുടെ പൂർവികരിൽനിന്ന് നിവേദനങ്ങളുണ്ടായിരിക്കെ ആയത്തുകളുടെ പ്രത്യക്ഷാർഥമനുസരിച്ച് എങ്ങനെ പ്രവർത്തിക്കാനാകും എന്നായിരുന്നു അവരുടെ നിലപാട്. ശ്രദ്ധിച്ചുനോക്കിയാൽ ഈ രോഗം അധിക ലോകരുടെയും ഞരമ്പുകളിൽ പടർന്നിരിക്കുന്നുവെന്ന് കാണാം." റാസി തുടരുന്നു: "........... പാമരന്മാരായ ശിഷ്യന്മാർ ശൈഖന്മാരോടുള്ള ആദരവ് അതിരുവിട്ടാൽ അവരിൽ ദൈവം ഇറങ്ങിയതായും അവർ ദൈവത്തിൽ ലയിച്ചതായും ഒക്കെ വാദിച്ചു തുടങ്ങുന്നു. ആ ശൈഖ് ദീനിൽനിന്ന് അകന്നവനും ഭൗതിക നേട്ടങ്ങൾ കൊതിക്കുന്നവനുമാണെങ്കിൽ കാര്യം അവർ പറയുന്നതു പോലെയൊക്കെത്തന്നെയാണെന്ന് അവരെ ധരിപ്പിക്കുന്നു.

ദീനിൽ തങ്ങളുടെ ശിഷ്യന്മാരോട് തങ്ങൾക്ക് സുജൂദ് ചെയ്യാൻ കൽപിക്കുന്ന, ദീനിൽ നിന്നകന്ന ചില വ്യാജ ശൈഖന്മാരെ ഞാൻ കണ്ടിട്ടുണ്ട്......... ചുരുക്കത്തിൽ ഇവിടെ പറഞ്ഞ റുബൂബിയ്യത്ത്(റബ്ബാക്കൽ) കൊണ്ടുദ്ദേശ്യം ജനം അല്ലാഹുവിന്റെ വിധിക്കെതിരെ അവരെ അനുസരിച്ചു എന്നാവാം. പുരോഹിതന്മാരിൽനിന്ന് സത്യനിഷേധം സ്വീകരിക്കുകയും അങ്ങനെ സ്വയം അല്ലാഹുവിനെ നിഷേധിക്കുന്നവരാവുകയും ചെയ്തു എന്നുമാവാം. രണ്ടായാലും ജനം അവരെ അല്ലാഹുവിനെക്കൂടാതുള്ള റബ്ബുകളായി സ്വീകരിച്ച സ്ഥാനത്താണ്. ജനം അവരെ ദൈവത്തിൽ ലയിച്ചവരായി സ്ഥിരപ്പെടുത്തി എന്നുമാവാം ഉദ്ദേശ്യം. ഈ നാലു രീതികളും ഈ സമുദായത്തിൽ കാണപ്പെടുന്നതും സംഭവിച്ചു വരുന്നതുമാകുന്നു" (ഉദ്ധരണം *തഫ്സീറുൽ മനാർ* വാല്യം 10, പേജ് 367-368).

وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُوٓاْ إِلَٰهٗا وَٰحِدٗا എന്ന വാക്യത്തിലെ لِيَعۡبُدُوٓاْ എന്ന വാക്കിന് ഈ പശ്ചാത്തലത്തിൽ അവർ വഴിപ്പെടാൻ, അനുസരിക്കാൻ, ദൈവമായി സ്വീകരിക്കാൻ എന്നീ അർഥങ്ങളുമുണ്ട്. ആരാധിക്കപ്പെടുന്നവനും അനുസരിക്കപ്പെടുന്നവനുമാണ് ഇലാഹ്-ദൈവം. ആരാധനയും അനുസരണവും അർഹിക്കുന്ന ഒരേയൊരു ദൈവത്തെമാത്രം അനുസരിക്കാനും ആരാധിക്കാനുമാണ് വേദപ്രമാണങ്ങൾ കൽപിച്ചിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ അവനല്ലാതെ ഇലാഹ്-സൃഷ്ടിയുടെ ആരാധനയും വിധേയത്വവും അർഹിക്കുന്നവൻ- ആരുമില്ല لَآ إِلَٰهَ إِلَّا هُوَ. ഇസ്ലാമിന്റെ ആദിപ്രമാണം, പ്രണവമന്ത്രമാണ് لا اله الاّ اللّٰه (അല്ലാഹുവല്ലാതെ ദൈവമേതുമില്ല) എന്നത്. ഈ പ്രമാണത്തിനു വിരുദ്ധമാണ് ദൈവേതരരെ വിധാതാക്കളായി സ്വീകരിക്കൽ.

ദൈവമേതുമില്ല; അല്ലാഹുവല്ലാതെ - لا اله الاّ اللّٰه - ഒരേസമയം നിഷേധവും സ്ഥിരീകരണവും ഉൾക്കൊള്ളുന്ന വചനമാണ്. സ്ഥിരീകരണം മാത്രമായി അല്ലാഹു ഏകനാണ് - اللّٰه واحد - എന്നും ഇതുപറയാവുന്നതാണ്. സ്ഥിരീകരണം മാത്രമായ اللّٰه واحدനെ അപേക്ഷിച്ച് നിഷേധവും സ്ഥിരീകരണവും സംയോജിച്ച لا اله الاّ اللّٰه ന്റെ ധ്വനിശക്തിയെ ദാർശനികന്മാർ ഇങ്ങനെ വിശദീകരിക്കുന്നു: ഈ ആഖ്യാനത്തിൽ നിഷേധവും സ്ഥിരീകരണവും അഥവാ പോസിറ്റീവും നെഗറ്റീവും ഉണ്ട്. അവരണ്ടിന്റെയും കൂട്ടിമുട്ടലിൽനിന്ന് ഊർജമുണ്ടാകുന്നു. ഊർജം വെളിച്ചമുൽപാദിപ്പിക്കുകയും ഉപകരണങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്നു. ഒരു അറബി കവി പാടി

انّما التوحيد ايجاب وسلب فيهما للنفس عزم ومضاء

(തൗഹീദ് പോസിറ്റീവും നെഗറ്റീവും തന്നെയാകുന്നു. രണ്ടിലുമായി ആത്മാവിനുള്ള ദാർഢ്യവും വെളിച്ചവുമുണ്ട്).

سبحان ഒരു സ്തുതി വിശേഷണമാണ്. യാതൊരു വിധത്തിലുള്ള കലർപ്പും ഏശാത്ത വിശുദ്ധിയാണ് അതിന്റെ ആശയം. സാക്ഷാൽ ദൈവത്തിന്റെ, അല്ലാഹുവിന്റെ മാത്രം ഗുണമാണത്. അതിനാൽ سبحانയെ ہ-ك (അവൻ-നീ) എന്നീ സർവനാമങ്ങളോട് ചേർത്താൽ അല്ലാഹു മാത്രമേ അതിന്റെ ഉദ്ദേശ്യമാകൂ. മനുഷ്യന്റെ ദൗർബല്യങ്ങളും അപൂർണതകളും മൂലം അവന് പുത്രകളത്രാദികളും സഹായികളും സഹകാരികളുമൊക്കെ അനിവാര്യമാകുന്നു. അല്ലാഹുവിനെ, ദൗർബല്യങ്ങളും അപൂർണതകളുമുള്ള സൃഷ്ടികളോട് സങ്കൽപിച്ചുകൊണ്ടാണ് മനുഷ്യർ അവന് പുത്രന്മാരെയും ഉപദൈവങ്ങളെയും ആരോപിക്കുന്നത്. അല്ലാഹുവാകട്ടെ അവരാരോപിക്കുന്ന ബഹുത്വങ്ങൾക്കെല്ലാം അതീതനായ പരിപൂർണനും പരമപരിശുദ്ധനുമാകുന്നു. ഇതാണ് സൂക്ത സമാപനത്തിലെ سُبۡحَٰنَهُۥ عَمَّا يُشۡرِكُونَ എന്ന വാക്യത്തിന്റെ താൽപര്യം. ■